LIBRARY ARCHIVES Kerala Legislative Assembly

## ഗ്രാമീൺ ന്യായാലയ് പദ്ധതി

99(3531) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമ വകുപ്പിന്റെ കീഴിൽ ഗ്രാമീൺ ന്യായാലയ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനവും അധികാര പരിധിയും എങ്ങനെയാണെന്ന് വിശദമാക്കാമോ?

1-3-2011-ലെ സ.ഉ (കൈ) 86/2011/ആഭ്യന്തരം ഉത്തരവ് പ്രകാരം സംസ്ഥാനത്ത് 30 ഗ്രാമന്യായാലയങ്ങൾ ആരംഭിക്കാനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. 30 ഗ്രാമന്യായാലയങ്ങളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിലാണ് ഗ്രാമന്യായാലയങ്ങൾ പ്രവർത്തിച്ചുവരുന്നത്. നീതിന്യായ നിർവ്വഹണ വകുപ്പിന് കീഴിലാണ് ഈ കോടതികൾ ആരംഭിച്ചിട്ടുള്ളത്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കുന്നോത്ത്പറമ്പ് പഞ്ചായത്തിൽ ഗ്രാമീൺ ന്യായാലയ് കേന്ദ്രം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

കുന്നോത്ത്പറമ്പ് പഞ്ചായത്തിൽ ഗ്രാമന്യായാലയം പുതുതായി ആരംഭിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലില്ല.

(സി) ഗ്രാമീൺ ന്യായാലയ് പദ്ധതി പ്രകാരം പൊതുജനങ്ങൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭ്യമാവുകയെന്ന് വിശദമാക്കാമോ?

സിവിൽ, ക്രിമിനൽ കേസുകൾ ലളിതമായ നടപടിക്രമങ്ങളിലൂടെ തീർപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരളത്തിലെ ബ്ലോക്ക് തലങ്ങളിൽ രൂപീകരിച്ചതാണ് ഗ്രാമന്യായാലയങ്ങൾ. ഗ്രാമന്യായാലയാസ് ആക്ട് 2008-ന്റെ അടിസ്ഥാനത്തിലാണ് ഇത് പ്രവർത്തിക്കുന്നത്.

## മലപ്പുറം ജില്ലാ റബ്ബർ ബേസ്ഡ് ഇൻഡസ്ട്രീസ് സഹകരണ സംഘം ലിമിറ്റഡ്

100(3532) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ മൂത്തേടം പഞ്ചായത്ത് പരിധിയിലെ നാരങ്ങാമൂലയിൽ മലപ്പുറം ജില്ലാ റബ്ബർ ബേസ്ഡ് ഇൻഡസ്ട്രീസ്

സഹകരണ സംഘം ലിമിറ്റഡ് എന്ന വ്യവസായ സഹകരണ സംഘം വ്യവസായ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) പ്രസ്തുത വ്യവസായ സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവർ ആരെല്ലാമാണ്; സംഘത്തിന്റെ നിയമാവലിയുടെയും മെമ്മോറാണ്ടത്തിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

സംഘത്തിന് നിലവിൽ ഭരണസമിതിയില്ല. സംഘത്തിന്റെ നിയമാവലിയും മെമ്മോറാണ്ടവും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) പ്രസ്തുത വ്യവസായ സഹകരണ സംഘത്തിന് വ്യവസായ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള ലൈസൻസോ അനുമതിയോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സംഘത്തിന് വ്യവസായ വകുപ്പിൽനിന്നും വായ്പ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച വായ്പ തുക, വർഷം, തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ?

(സി&ഡി) ഇല്ല.

(ഇ) പ്രസ്തുത സ്ഥാപനം എത്ര തുകയാണ് പൊതുജനങ്ങളിൽനിന്നും ഓഹരിയിനത്തിൽ പിരിച്ചെടുത്തതെന്നും ഏതെല്ലാം സഹകരണ സംഘങ്ങൾക്ക് ഈ സംഘത്തിൽ എത്ര രൂപയുടെ ഓഹരിയുണ്ടെന്നും സ്ഥാപനത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ എത്രയെന്നും അറിയിക്കാമോ?

സംഘം ഓഹരിയിനത്തിൽ വ്യക്തികളിൽ നിന്ന് 8,53,000 രൂപയും, വിവിധ സംഘങ്ങളിൽ നിന്ന് 7,25,000 രൂപയും, മറ്റുള്ളവർ 1000 രൂപയും, സർക്കാർ ഓഹരി പങ്കാളിത്തമായി 50,000 രൂപയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 187, 188, 189 നമ്പർ ആധാരപ്രകാരം സംഘത്തിന് 3 ഏക്കർ സ്ഥലവുമുണ്ട്.

(എഫ്) പ്രസ്തുത സ്ഥാപനത്തിന്റെ പേരിലുണ്ടായിരുന്ന സ്ഥലം എത്രയെന്നും ഈ സ്ഥലം ഇപ്പോൾ ആരുടെ കൈവശമാണെന്നും വ്യക്തമാക്കാമോ; ഈ സംഘത്തിന്റെ കൈവശമുണ്ടായിരുന്ന ഭൂമിയുടെ വിൽപ്പനയ്ക്ക് വ്യവസായ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതി നൽകിയ രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ; സ്ഥല വിൽപ്പനയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ആരാണ് പരാതി നൽകിയതെന്നും എന്നാണ് പരാതി

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചതെന്നും പരാതിയുടെ പകർപ്പും ലഭ്യമാക്കാമോ; പരാതിയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

സംഘത്തിന്റെ ഉടമസ്ഥതയിലുള്ള 3 ഏക്കർ സ്ഥലം വിൽക്കുന്നതിന് അനുമതി നൽകിയിട്ടില്ല. സ്ഥല വിൽപ്പനയുമായി ബന്ധപ്പെട്ട് ശ്രീ. ജോസഫ് മാത്യു 10-12-2019-ൽ സമർപ്പിച്ച പരാതിയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. (പരാതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്).*

**വ്യവസായ സഹകരണ സംഘങ്ങൾ**

101(3533) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അടിസ്ഥാനത്തിൽ വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിച്ച് നിക്ഷേപ സമാഹരണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

പരിഗണനയിലില്ല

(ബി) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിന് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റിന്റെയും നേതൃത്വത്തിൽ സംരംഭം ആരംഭിക്കുന്നവർക്കായി കാലാനുസൃതമായ നിരവധി പരിശീലന പരിപാടികൾ നിലവിലുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള നടപടികൾ**

102(3534) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുവാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly